# കേരളസർവകലാശാല

നം.പി.ആർ.25/2023

## പത്രക്കുറിപ്പ്

### 'ഭാഷയ്ക്കൊരു ഡോളർ' പുരസ്കാരത്തിന് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

കേരളസർവകലാശാല, അമേരിക്കൻ മലയാളി സംഘടനകളുടെ ഫെഡറേഷനായ 'ഫൊക്കാന' യുമായി ചേർന്ന് നൽകുന്ന 'ഭാഷയ്ക്കൊരു ഡോളർ' പുരസ്കാരത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. 2021 ഡിസംബർ 1 മുതൽ 2022 നവംബർ 30 വരെയുമുള്ള കാലയളവിൽ കേരളത്തിലെ സർവകലാശാലകളിൽ നിന്നും മലയാളഭാഷയിലും സാഹിത്യത്തിലും പിഎച്ച്.ഡി. ലഭിച്ചവർക്ക് പ്രബന്ധം അവാർഡിനായി സമർപ്പിക്കാം. 50,000/- രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. സമ്മാനാർഹമാകുന്ന പ്രബന്ധത്തിന്റെ മാർഗദർശിക്ക് 5,000/- രൂപ സമ്മാനമായി നൽകും. അപേക്ഷകരുടെ പിഎച്ച്.ഡി. പ്രബന്ധങ്ങൾ മാർഗദർശി സാക്ഷ്യപ്പെടുത്തിയിരിക്കണം. കൂടാതെ പ്രബന്ധത്തിന്റെ സി.ഡി. അപേക്ഷയ്ക്കൊപ്പം സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2023 ഫെബ്രുവരി 28 വൈകിട്ട് 5 മണി വരെ. അവാർഡിന് അർഹമാകുന്ന പ്രബന്ധം സർവകലാശാല പ്രസിദ്ധീകരണവിഭാഗം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷകൾ ലഭിക്കേണ്ട വിലാസം: രജിസ്ട്രാർ, കേരളസർവകലാശാല, പാളയം, തിരുവനന്തപുരം-695034. അവാർഡിന് അർഹമാകാത്ത പിഎച്ച്.ഡി. പ്രബന്ധങ്ങൾ അപേക്ഷകർക്ക് സർവകലാശാലയിൽ നിന്ന് തിരികെ കൈപ്പറ്റാവുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർസയൻസ് - ഹിയറിംഗ് ഇംപ യേർഡ് (161), ആഗസ്റ്റ് 2022 (റെഗുലർ - 2019 അഡ്മിഷൻ, സപ്ലിമെന്ററി - 2017 - 2018 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തിയ ഒന്നാം സെമസ്റ്റർ ബി.ബി.എ. (2013 അഡ്മിഷൻ) മേഴ്സി ചാൻസ്, ജൂലൈ 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫെബ്രുവരി 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ. (വോ ക്കൽ) പരീക്ഷയുടെ പ്രാക്ടിക്കൽ 2023 ഫെബ്രുവരി 23 മുതൽ തിരുവനന്തപുരം ശ്രീ.സ്വാതി തിരു നാൾ സംഗീത കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി. എസ്‌സി./ബി.കോം. (റെഗുലർ - 2022 അഡ്മിഷൻ), മാർച്ച് 2023 പരീക്ഷകളുടെ രജിസ്ട്രേഷൻ ആരം ഭിച്ചു. പിഴകൂടാതെ ഫെബ്രുവരി 9 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 14 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 16 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മാർച്ചിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ., ബി.എസ്‌സി., ബി.കോം., ബി.ബി.എ., ബി.സി.എ., ബി.പി.എ., ബി.എം.എസ്., ബി.എസ്.ഡബ്ല്യൂ., ബി.വോക്. എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ.) (റെഗുലർ – 2022 അഡ്മിഷൻ), മാർച്ച് 2023 പരീക്ഷകൾക്ക് പിഴകൂടാതെ ഫെബ്രുവരി 9 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 14 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 16 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഹെർബേറിയം ടെക്നിക്സ് ആന്റ് മാനേജ്മെന്റ് (ആഡ് ഓൺ കോഴ്സ്) – തീയതി നീട്ടി

കേരളസർവകലാശാല കാര്യവട്ടം ബോട്ടണി വിഭാഗം നടത്തിവരുന്ന ആഡ്-ഓൺ കോഴ്സിലേക്ക് (ഹെർബേറിയം ടെക്നിക്സ് ആന്റ് മാനേജ്മെന്റ്) 2023 ജനുവരി 18 ന് നൽകിയ വിജ്ഞാപന പ്രകാരം അപേക്ഷകൾ നൽകുവാനുള്ള അവസാന തീയതി 2023 ഫെബ്രുവരി 10 വരെ നീട്ടിയിരിക്കുന്നു.

തിരുവനന്തപുരം,
02.02.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries
**helpdesk@keralauniversity.ac.in,examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**